# വിവാഹം സാധുവാകാനുള്ള ഘടകങ്ങൾ

അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

ഇസ്‌ലാമിൽ വിവാഹം സാധുവായിത്തീരുവാൻ വരനു വധുവും മാത്രം തയ്യാറായാൽ മതിയാവുകയില്ല. വളരെ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതായ മറ്റു ചില ഘടകങ്ങൾ കൂടിയുണ്ട് അവ താഴെ വിവരിക്കാം.

**രക്ഷിതാവ് (വലിയ്യ്)** :

ഇസ്‌ലാം വിവാഹത്തിന് അനിവാര്യമായും ഉണ്ടാരിക്കണണമെന്ന് നിശ്ചയിച്ച ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് വലിയ്യ് അഥവ രക്ഷിതാവ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ രണ്ട് സ്ത്രീ പുരുഷന്മാർ തമ്മിൽ കണ്ടു മുട്ടുകയും പരസ്പരം അടുത്തു ജീവിക്കണം എന്ന് തീരുമാനിക്കൽ എളുപ്പം നടക്കും. എന്നാൽ അത് അടുത്തതിനേക്കാൾ വേഗത്തിൽ വേർപിരിയുകയും ചെയ്തേക്കാനും സാധ്യതകൾ ഏറെയാണ്. അതു കൊണ്ട് യുവതീ യുവാക്കൾ രണ്ടു പേരും ഒന്നിച്ചെടുക്കുന്ന തീരുമാനവും പുരുഷന്റെ അത്ര തന്നെ വിവേകവും പക്വതയുമില്ലാത്ത പെൺകുട്ടിയെ നിർബന്ധിപ്പിച്ച് നടത്തുന്ന വിവാഹവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. വിവാഹം നടക്കുന്നത് പെൺകുട്ടിയുടെ ഉത്തരവാദപ്പെട്ട രക്ഷിതാവ് മുഖേനെയായിരിക്കണം എന്നത് നിർബന്ധമാണ്. കാരണം താൻ ഉത്തരവാദപ്പെട്ട ഒരാളിൽ നിന്നാണ് പെൺകുട്ടിയെ ഏറ്റെടുത്തിട്ടുള്ളത് എന്ന ബോധം പുരുഷന് ഏതു നേരവും ഉണ്ടായിരിക്കാൻ തന്നെ.

ഖുർആൻ പറയുന്നു: ‘‘നിങ്ങൾ അവരെ അവരുടെ രക്ഷിതാക്കളുടെ അനുമതിയോടെ വിവാഹം ചെയ്തു കൊള്ളുക.’’

ഇവിടെ പറഞ്ഞ ആയത്തിന്റെ പശ്ചാത്തലം അടിമ സ്ത്രീകളെ വിവാഹം ചെയ്യുന്നതിനെ സംബന്ധിച്ചാണെങ്കിലും അത് അടിമ സ്ത്രീകൾക്ക് മാത്രമായുള്ളതല്ല എന്ന് നബി (ﷺ) വ്യക്തമാക്കിയിട്ടുണ്ട്: ‘‘ഏതെങ്കിലും ഒരു സ്ത്രീ തന്റെ രക്ഷിതാവിന്റെ അനുമതി കൂടാതെ വിവാഹിതയായൽ ആ വിവാഹം ബാതിലാണ് (ദുർബലമാണ്) ബാതിലാണ്: ബാതിലാണ്.

**രക്ഷാദികാരിയില്ലതെ വിവാഹമില്ല.**

സാധാരണ നിലക്ക് ഒരു സ്ത്രീയുടെ രക്ഷാധികാരി പിതാവായിരിക്കും, പിതാവിന്റെ അഭാവത്തിൽ പിതാമഹൻ (വല്ലിപ്പ), പിതാമഹന്മാർ (മൂത്തപ്പമാരും എളേപ്പമാരും), സഹോദരൻന്മാർ എന്നീ നിലക്കാണ് വലിയ്യുകൾ കണക്കാക്കപ്പെടുക. ഒരേ സ്ഥാനത്തുള്ള ഒന്നിലധികം ആളുകൾ (ഒന്നിലധികം

സഹോദരന്മാർ) ഉണ്ടാകുമ്പോൾ പ്രായവും വിജ്ഞാനവുമുള്ളവർക്ക് മുൻഗണന കലപ്പിക്കേണ്ടതാണ്. ഏറ്റവും അടുത്ത ആൾക്ക് വകാലത്ത് (ചുമതല) നൽകാവുന്നതാണ്.

**ഭരണാധികാരിയും വലിയ്യാകും**

ഒരു സ്ത്രീക്ക് മേൽ പറഞ്ഞ നിലക്കുള്ള രക്ഷാധികാരികൾ ആരും ഇല്ലാതെ വരിക, രക്ഷാധികാരിയായുള്ള വ്യക്തി എവിടെയാണെന്ന് അറിയപ്പെടാതിരിക്കുക, രക്ഷാധികാരി വിവാഹത്തിന് കാരണം കൂടാതെ വിസമ്മതം കാണിക്കുക എന്നീ സന്ദർഭങ്ങളിൽ രക്ഷിതാവിന്റെ ഇസ്ലാമിക രാഷ്ട്രത്തിന്റെ സുൽത്താൻ ആയിരിക്കും അവളുടെ രക്ഷാധികാരി. ഇന്നത്തെ സാഹചര്യത്തിൽ ഭരണാധികാരിയുടെ സ്ഥാനത്ത് നിലകൊള്ളുന്ന മഹല്ല് ഖത്തീബ് / ഖാളിയായാണ് വലിയ്യായി വിവാഹം ചെയ്തു കൊടുക്കേണ്ടത്. ഇക്കാര്യം താഴെ പറയുന്ന നബി വചനത്തിലൂടെ വ്യക്തമാകുന്നതാണ്:

‘‘വലിയ്യ് ഇല്ലാത്ത വിവാഹമില്ല. വലിയ്യ് ഇല്ലാത്തവളുടെ വലിയ്യ് ഭരണാധികാരിയായിരിക്കും. രക്ഷാധികാരികൾ വിവാഹം ചെയ്തു കൊടുക്കുന്ന വിഷയത്തിൽ തർക്കത്തിലായാലും ഭരണാധികാരി (ഖത്വീബ്) ആയിരിക്കും അവളുടെ വലിയ്യ്.’’

‘‘ഏതെങ്കിലും ഒരു സ്ത്രീ തന്റെ രക്ഷിതാവിന്റെ അനുമതി കൂടാതെ വിവാഹിതയായൽ ആ നിക്കാഹ് ബാതിലാണ് (ദുർബലമാണ്) ബാതിലാണ്; ബാതിലാണ്. അയാൾ അവളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ മഹർ അവൾക്ക് അവകാശപ്പെട്ടതായിരിക്കും, (വിവാഹം കഴിച്ചു കൊടുക്കുന്ന വിഷയത്തിൽ) രക്ഷാധികാരികൾ തർക്കത്തിലായാൽ ഭരണാധികാരിയായിരിക്കും അവളുടെ വലിയ്യ്.’’

നിശ്ചിത വലിയ്യും ഖാലിയും ഇല്ലാത്ത അവസരത്തിൽ സ്ത്രീക്ക് വലിയ്യിനെ നിശ്ചയിക്കാനും അവകാശമുണ്ട്.

ഉമ്മു ഹക്കീം (g) അബ്ദിൽ റഹ്മാനു ബ്നുഔഫ് (ﷺ)വിനോട് താങ്കളെ ഞാൻ എന്റെ വലിയ്യായി നിശ്ചയിക്കുന്നു; നിങ്ങൾ അഭിപ്രായപ്പെടുന്ന ആൾക്ക് താങ്കൾ എന്നെ വിവാഹം ചെയ്തു കൊടുക്കുക; എന്നു പറഞ്ഞതായി ചരിത്രത്തിൽ കാണാവുന്നതാണ്.

**വലിയ്യ് പുരുഷൻ തന്നെയായിരിക്കണം**

ഒരു സ്ത്രീക്ക് തന്റെ സംരക്ഷണത്തിലുള്ള പെൺകുട്ടിയെ മറ്റൊരാൾക്ക് നേരിട്ട് വിവാഹം ചെയ്തു കൊടുക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. അത് പുരുഷൻ തന്നെയായിരിക്കണം എന്നത് നിർബന്ധമാണ്.

അപ്രകാരം തന്നെ ഒരു സ്ത്രീക്ക് മറ്റൊരാൾ തന്നെ വിവാഹം ചെയ്തു കൊടുത്തു കൊണ്ട് വിവാഹത്തിലേർപ്പെടുക എന്നതല്ലാതെ സ്വന്തമായി മറ്റൊരാളുമായി വിവാഹക്കരാറിൽ ഏർപ്പെടാനും പാടുള്ളതല്ല.

ഇക്കാര്യം പ്രവാചകൻ (ﷺ) വ്യക്തമാക്കിയിട്ടുണ്ട്: ‘‘ഒരു സ്ത്രീയെ മറ്റൊരു സ്ത്രീ വിവാഹം ചെയ്തു കൊടുക്കാൻ പാടുള്ളതല്ല. ഒരു സ്ത്രീ സ്വന്തമായി വിവാഹത്തിലേർപ്പെടാനും പാടുള്ളതല്ല.’’

**വലിയ്യുമാരോടുള്ള നിർദ്ദേശം**

വലിയ്യായിരിക്കണം സ്ത്രീയെ വിവാഹം ചെയ്ത് കൊടുക്കേണ്ടത് എന്ന് ഇസ്‌ലാം പറഞ്ഞത് സ്ത്രീയുടെ രക്ഷക്ക് വേണ്ടിയാണ്. പുരുഷൻ അന്യായവും അനീതിയും കാണിക്കുകയാണെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ ആളുണ്ട് എന്ന് ഉറപ്പു വരുത്താനും അതോടൊപ്പം സ്ത്രീകൾക്ക് എന്തെങ്കിലും നൽകി വശീകരിക്കാനോ പീഡിപ്പിക്കാനോ ഇടവരാതിരിക്കാനും വേണ്ടിയാണ്. അതിനാൽ പുരുഷനും സ്ത്രീയും തൃപ്തിപ്പെട്ടു കഴിഞ്ഞാൽ പിന്നെ വലിയ്യ് അവരുടെ കാര്യത്തിൽ ഇടഞ്ഞു നിൽക്കാൻ പാടില്ല. വിധവകളുടെ പുനർ വിവാഹവുമായി ബന്ധപ്പെട്ട് അല്ലാഹു പറയുന്നു:

''നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവരുടെ അവധി പ്രാപിച്ചാൽ അവർ തങ്ങളുടെ ഭർത്താക്കന്മാരുമായി വിവാഹത്തിലേർപ്പെടുന്നതിന് നിങ്ങൾ തടസ്സമുണ്ടാകരുത് മര്യാദയനുസരിച്ച് അവർ അന്യോന്യം തൃപ്തിപ്പെട്ടിട്ടുണ്ടെങ്കിൽ. നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണിത്. അതാണ് നിങ്ങൾക്ക് ഏറ്റവും ഗുണകരവും സംശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല.''

**സ്ത്രീയുടെ അനുവാദം**

രക്ഷിതാവ് തനിക്ക് ഇഷ്ടപ്പെട്ട വ്യക്തിക്ക് പെൺകുട്ടിയുട സമ്മതമില്ലാതെ അവളെ വിവാഹം ചെയ്തു കൊടുക്കാനും പാടുള്ളതല്ല. വിവാഹത്തിൽ സ്ത്രീയുടെ അനുവാദത്തിന് ഇസ്‌ലാം വളരെ വലിയ സ്ഥാനമാണ് നൽകിയിട്ടുള്ളത്.

കന്യകകളായ പെൺകുട്ടികൾ വിവാഹ കാര്യത്തിൽ വ്യക്തമായ അഭിപ്രായം പറയാൻ ലജ്ജിക്കുന്നവരായിരിക്കും എന്നാൽ പോലും അവരോട് സമ്മതം ചോദിച്ചു മാത്രമേ രക്ഷിതാവ് അവളെ വിവാഹം ചെയ്ത് അയക്കാൻ പാടുള്ളൂ. സ്ത്രീധനത്തിന്റെ പേരിലും മറ്റും വിവാഹ കാര്യത്തിൽ ശരിയാകാതെ നിൽക്കുന്ന അവസരത്തിൽ രക്ഷിതാവ് ഏതെങ്കിലും കിഴവനോ വിരൂപനോ ആയ വ്യക്തിക്ക് പെൺകുട്ടികളെ കെട്ടിച്ചു കൊടുത്ത് രക്ഷപ്പെടാൻ കഴിയില്ല. അതു പോലെ വിധവകളുടെ കര്യത്തിൽ അവരുടെ അനുകൂല മറുപടി ലഭിച്ച ശേഷം മാത്രമെ വിവാഹം നടത്താൻ പാടുള്ളൂ. ഭർത്താവ് മരിക്കുകയോ, വിവാഹ മോചനം ചെയ്യപ്പെടുകയോ ചെയ്ത സ്ത്രീകൾ വീട്ടുകാരുടെ കണ്ണിൽ എപ്പോഴും ഒരു രണ്ടാം നമ്പർകാരിയായിരിക്കും; അവർക്ക് താഴെ വേറെ പെൺകുട്ടികളെ കെട്ടിച്ചയക്കാനുണ്ടാകുമ്പോൾ പ്രത്യേകിച്ചും. അതു കൊണ്ട് അത്തരം സന്ദർഭത്തിൽ മുമ്പ് നല്ല നിലക്ക് കെട്ടിച്ചതല്ലെ; എന്ന് കരുതി ആർക്കെങ്കിലും കെട്ടിച്ചു കൊടുക്കാൻ ഒക്കില്ല. അവളുടെ പരിപൂർണ്ണ സമ്മതത്തോടു കൂടി  മാത്രമേ വിധവകൾക്ക് വിവാഹമുറപ്പിക്കാൻ പാടുള്ളൂ.

സ്ത്രീകൾക്ക് സമൂഹത്തിൽ നിലയും വിലയുമില്ലാതിരുന്ന കാലത്ത് ഇസ്‌ലാം അവർക്ക് കൽപ്പിച്ച മാന്യതയും പരിഗണനയും എന്തുമാത്രം വിലപ്പെട്ടതാണ്.

''വിധവകളെ പുനർ വിവാഹം ചെയ്യുവാൻ അവളുടെ അഭിപ്രായം ലഭിക്കണം. കന്യകയാണെങ്കിൽ അവളോട് സമ്മതം ചോദിക്കാതെയും വിവാഹം ചെയ്യാൻ പാടില്ല. അവളുടെ മൗനമാണ് സമ്മതമായി കണക്കാക്കേണ്ടത്.

മറ്റൊരു ഹദീസ് കാണുക: ''വിവാഹിതയുടെ പുനർവിവാഹ വിഷയത്തിൽ വലിയ്യിനേക്കാൾ സ്ഥാനം അവൾക്ക് തന്നെയാണ്. എന്നാൽ കന്യകയോടും നിങ്ങൾ അഭിപ്രായമാരായണം. പ്രവാച കരേ കന്യകകൾ തുറന്നു സംസാരിക്കാൻ ലജ്ജയുള്ളവരാണല്ലോ എന്ന് ചോദിക്കപ്പെട്ടു. അന്നേരം പ്രവാചകൻ പറഞ്ഞു. അവളുടെ മൗനം സമ്മതമായി കണക്കാക്കുക.''

സമ്മതം ചോദിക്കാതെ നടത്തപ്പെട്ട വിവാഹം അംഗീകരിക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാൻ സ്ത്രീക്ക് അനുവാദം കൊടുത്ത സംഭവവും നബി(ﷺ) യുടെ കാലത്ത് ഉണ്ടായതായി കാണാവുന്നതാണ്.

''ഒരു കന്യകയായ പെൺകുട്ടി അവളുടെ പിതാവ് അവളെ അവൾക്ക് ഇഷ്ടമില്ലാത്ത നിലയിൽ വിവാഹം ചെയ്ത് കൊടുത്തതായി നബി(ﷺ) യുടെ അടുത്ത് വന്ന് പറഞ്ഞു. അന്നേരം നബി(ﷺ) അവളുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ (അംഗീകരിക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാൻ ) അവൾക്ക് സ്വാതന്ത്രം നൽകുകയുണ്ടായി.''

മറ്റൊരു സംഭവത്തിൽ സ്ത്രീയുടെ സമ്മതമില്ലാതെ നടത്തിയ വിവാഹം പ്രവാചകൻ (ﷺ) ദുർബ്ബല പ്പെടുത്തിയതായും കാണാം: ''അൻസാരി വനിതകളിൽ പെട്ട ഖൻസാഅ് ( g )യെ അവരുടെ പിതാവ് അവർക്ക് സമ്മതമില്ലാതെ ഒരു വ്യക്തിക്ക് വിവാഹം ചെയ്തു കൊടുത്തു. അവർ വിധവയായിരുന്നു. അന്നേരം അവർ നബി(ﷺ)യുടെ അടുക്കൽ വന്ന് വിവരം പറയുകയും നബി (ﷺ) ആ വിവാഹം ദുർബ്ബലപ്പെടുത്തുകയും ചെയ്തു.''

വൈവാഹിക ജീവിതം സന്തോഷപ്രദമാക്കുവാൻ വളരെ അനിവാര്യമായ ഒരു തത്വമാണിവിടെ ഇസ്ലാം മുന്നോട്ട് വച്ചിട്ടുള്ളത്. അത് കൊണ്ട് തന്നെ വിവാഹം ചെയ്ത് കൊടുക്കാനുള്ള ചുമതല വലിയിനാണെങ്കിലും പെൺകുട്ടികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുകയോ ചെയ്യാതെ തങ്ങൾ ഇഷ്ടപ്പെടുന്നവർക്ക് പെൺകുട്ടികളെ വിവാഹം ചെയ്ത് കൊടുക്കാൻ രക്ഷിതാക്കൾക്ക് അധികാര മില്ല.

**മഹർ (വിവാഹമൂല്യം)**

വിവാഹത്തിന് അനിവാര്യമായും ഉണ്ടാവേണ്ട മറ്റൊരു ഘടകമാണ് മഹർ. വിവാഹ സമയം പുരു ഷൻ സ്ത്രീക്ക് നൽകൽ നിർബന്ധമായ പാരിതോഷികമാണത്. വിശുദ്ധഖുർആനിൽ മഹറ് എന്ന വാക്കല്ല ഇതിനായി ഉപയോഗിച്ചിട്ടുള്ളത് മറിച്ച് (സ്വദാഖ്) (അജ്റ്) എന്നീ പദങ്ങളാണ്.

''സ്ത്രീകൾക്ക് അവരുടെ വിവാഹ മൂല്യങ്ങൾ മനസംതൃപ്തിയോടു കൂടി നിങ്ങൾ നൽകുക.''

''അവർക്കുള്ള വിവാഹ മൂല്യം ഒരു ബാധ്യത എന്ന നിലക്ക് നിങ്ങൾ നൽകുക.''

മഹർ നൽകിയായിരിക്കണം വിവാഹം കഴിക്കേണ്ടത് എന്നത് മുഹമ്മദ് നബി(ﷺ)ക്ക് മുമ്പ് തന്നെ നട പ്പിലുള്ള നിയമമാണ്. മൂസാ നബി (عليه السلام) മദീനയിൽ എത്തി ശുഐബ് നബി(عليه السلام)യുടെ മകളെ വിവാഹം കഴിച്ചത് വിവരിക്കിന്നിടത്ത് ഖുർആൻ ഇപ്രകാരം പറയുന്നു: ''അദ്ദേഹം പറഞ്ഞു. നീ എട്ട് വർഷം എനിക്ക് കൂലിവേല ചെയ്യണം എന്ന വ്യവസ്ഥയിൽ എന്റെ ഈ രണ്ട് പെൺമക്കളിൽ ഒരാളെ നിനക്ക് വിവാഹം ചെയ്ത് തരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇനി പത്ത് വർഷം നീ പൂർത്തിയാക്കാൻ

നീ ഉദ്ദേശിക്കുന്നുവെങ്കിൽ അത് നിന്റെ ഇഷ്ടം. നിനക്ക് പ്രയാസമുണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം നല്ല നിലയിൽ വർത്തിക്കുന്നവരിൽ ഒരാളായി നിനക്കെന്നെ കാണാം.''

ഇത് വിവാഹത്തിന് അനിവാര്യമാണെന്നതിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരാണ്. എന്നാൽ അത് എപ്പോഴാണ് നൽകേണ്ടത് എന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്.

മഹ്റ് വിവാഹവസരത്തിൽ തന്നെ നൽകണമെന്നാണ് നബിചര്യയിൽ നിന്നും മനസ്സിലാകുന്നത്. താഴെ പറയുന്ന ഹദീസുകൾ അതാണ് പഠിപ്പിക്കുന്നത്.

''സഹ്‌ലു ബ്നു സഅദിസ്സാഇദി (ﷺ) പറയുന്നു. ഒരു സ്ത്രീ നബി(ﷺ)യുടെ അടുക്കൽ വന്ന് ഇങ്ങിനെ പറഞ്ഞു. നബിയെ ഞാൻ എന്നെ നിങ്ങൾക്ക് സമർപ്പിക്കാനാണ് വന്നിട്ടുള്ളത്. അന്നേരം നബി (ﷺ) അവളിലേക്ക് നോക്കുകയും സൂക്ഷ്മമായി ദൃഷ്ടി പതിപ്പിക്കുകയും ചെയ്ത ശേഷം തന്റെ തല താഴ്ത്തിയിരുന്നു. പ്രവാചകൻ തന്റെ കാര്യത്തിൽ തീരുമാനമൊന്നും എടുക്കുന്നില്ലെന്ന് കണ്ട അവൾ (അൽപനേരം അവിടെ) ഇരുന്നു. അന്നേരം നബി (ﷺ) യുടെ സ്വഹാബികളിൽ നിന്നും ഒരാൾ എഴുന്നേറ്റ് പറഞ്ഞു. നബിയെ നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ അവരെ എനിക്ക് വിവാഹം ചെയ്ത് തന്നാലും അന്നേരം അദ്ദേഹം ചോദിച്ചു. നിന്റെ പക്കൽ വല്ലതുമുണ്ടോ അയാൾ പറഞ്ഞു. ഇല്ല അല്ലാഹുവാണെ സത്യം ഒന്നുമില്ല പ്രവാചകരെ. നബി (ﷺ) ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് പോയിനോക്കുക. എന്ന് ആവശ്യപ്പെടുകയും അയാൾ തിരിച്ച് വന്നു പറഞ്ഞു ഒന്നുമില്ല നബിയേ ഒരു ഇരുമ്പിന്റെ മോതിരം പോലുമില്ല. എന്നാൽ എന്റ ഈ തുണിയിതാ (സംഭവം വിവരിക്കുന്ന സൽഹ (g)) പറയുന്നു. അയാൾ തുണി കൂടാതെ തട്ടം (തലപ്പാവ്) പോലും ഇല്ലാത്ത മനുഷ്യനായിരുന്നു) അതിന്റെ പകുതി ഞാൻ അവൾക്ക് കൊടുക്കാം. അന്നേരം നബി(ﷺ) പറഞ്ഞു. നിന്റെ തുണി കൊണ്ട് എന്ത് ചെയ്യാനാണ്. നീ അത് ധരിച്ചാൽ അവൾക്ക് അതിൽ നിന്ന് ഒന്നുമുണ്ടാവുകയില്ല അങ്ങിനെ കുറെ സമയം അയാൾ അവിടെയിരുന്ന ശേഷം അയാൾ എഴുന്നേറ്റ് പോകുന്നത് നബി (ﷺ) കണ്ടപ്പോൾ അയാളെ വിളിക്കാൻ കൽപ്പിച്ചു. അയാൾ വന്നപ്പോൾ അയാളോടു ചോദിച്ചു; നിനക്ക് ഖുർആനിൽ നിന്ന് എന്തൊക്കെ അറിയാം? എനിക്ക് ഇന്നയിന്ന സൂറത്തുകളൊക്കെ അറിയാം. നബി (ﷺ) അവ ഓതിച്ച ശേഷം പറഞ്ഞു: നിനക്ക് ഞാൻ അവളെ ,അറിയുന്ന ഖുർആൻ മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു.''

കയ്യിലൊന്നുമില്ലാതിരുന്ന വ്യക്തിയോട് ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് അന്വേഷിക്കാൻ പറഞ്ഞും, അത് കിട്ടാതിരുന്നപ്പോൾ തന്റെ വസ്ത്രം പകുത്ത് നൽകാൻ തയ്യാറായതും അവസാനം തനിക്കറിയാവുന്ന ഖുർആൻ മഹറായി നിശ്ചയിച്ച് നബി (ﷺ) വിവാഹം ചെയ്തു കൊടുത്തതുമെല്ലാം മഹ്റ് നൽകിയായിരിക്കണം വിവാഹം നടക്കേണ്ടത് എന്നതാണ് പഠിപ്പിക്കുന്നത്.

മറ്റൊരു സംഭവം കൂടി പരിശോധിക്കുക. അലി (ﷺ) ഫാത്വിമ (g)യെ വിവാഹം ചെയ്ത അവസരത്തിൽ അവൾക്ക് എന്തെങ്കിലും നീ നൽകേണ്ടതുണ്ട് എന്ന് നബി (സ) പറഞ്ഞതായി ഹദീസിൽ കാണാവുന്നതാണ്: ''ഇബ്നു അബ്ബാസ് (ﷺ) പറഞ്ഞു: അലി (ﷺ) ഫാത്വിമ (g)യെ വിവാഹം ചെയ്ത അവസരത്തിൽ, നബി (ﷺ) അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ എന്തെങ്കിലും അവൾക്ക് (മഹറായി) നൽകണം. അദ്ദേഹം പറഞ്ഞു : എന്റെ പക്കൽ ഒന്നുമില്ല . അന്നേരം നിന്റെ പടയങ്കി എവിടെ

എന്ന് നബി (ﷺ) ചോദിച്ചു.'' അങ്ങിനെ അലി (ﷺ) തനിക്കുണ്ടായിരുന്ന പടയങ്കി വിറ്റ് മഹറായി നൽകിയതായി ചരിത്രത്തിൽ കാണാവുന്നതാണ്.

**മഹ്റ് എന്തായിരിക്കണം**

എന്തായിരിക്കണം മഹറ് നൽകേണ്ടത് എന്നതിന് പ്രത്യേക നിർദ്ദേശങ്ങളൊന്നും കാണാൻ കഴിയുന്നില്ല. ചരിത്രത്തിൽ വിവിധങ്ങളായ വസ്തുക്കൾ മഹറ് നൽകിയതായി കാണാവുന്നതാണ്. മൂല്യവത്തായ ഏതൊരു വസ്തുവും മഹ്റായി നൽകുന്നതിന് പൂർവ്വീകരിൽ മാതൃക കാണുന്നുണ്ട്.

നബി (ﷺ) മഹ്റിനെ സംബന്ധിച്ച് ആയിഷ (g) പറയുന്നത് ഇപ്രകാരമാണ്: ''അബൂ സൽമ (ﷺ) യിൽ നിന്ന്: ഞാൻ ആയിഷ (g)യോട് എന്തായിരുന്നു നബി (ﷺ) തന്റെ ഭാര്യമാർക്ക് മഹ്റായി നൽകിയിരുന്നത് എന്ന് ചോദിച്ചതിന് അവർ പറഞ്ഞ മറുപടി: നബി (ﷺ) ഭാര്യമാർക്ക് മഹ്റായി നൽകിയിരുന്നത് പന്ത്രണ്ട് ഊഖിയയും ഒരു നശ്ശുമായിരുന്നു. ഒരു നശ്ശ് എന്ന് പറാഞ്ഞാൽ ഒരു ഊഖിയയുടെ പകുതിയാണ്. അതായത് 12.5 ഊഖിയ. അതാകട്ടെ അഞ്ഞൂറ് ദിർഹം വെള്ളിക്ക് തുല്യവുമാണ്.

നബി (ﷺ) സ്വഫിയ(g)യെ വിവാഹം കഴിച്ചത് അടിമത്വത്തിലായിരുന്ന അവരെ അടിമത്വത്തിൽ നിന്ന് മോചിക്കുക എന്നത് മഹ്റായി നിശ്ചയിച്ചായിരുന്നു. 'അനസ് (ﷺ) പറയുന്നു: "സ്വഫിയ (g) ദിഹ്ത്തുസൽ കൽബി എന്നവരുടെ കീഴിൽ ഉണ്ടായിരുന്ന അടിമ സ്ത്രീ ആയിരുന്നു. പിന്നീട് അവർ നബി (ﷺ)യുടെ കീഴിലായി. അപ്പോൾ അവരെ നബി (ﷺ) വിവാഹം കഴിക്കുകയുണ്ടായി. അടിമത്വമോചനമായിരുന്നു അവരുടെ മഹ്റ്.''

അബ്ദുർറഹ്മാനു ബ്നു ഔഫ് വിവാഹം കഴിച്ചത് ഒരു ധാന്യമണിതൂക്കം സ്വർണ്ണം മഹറ് നൽകിയായിരുന്നു. അനസ് (ﷺ)വിൽ നിന്ന്: "നബി (ﷺ), അബ്ദുർറഹ്മാനു ബ്നു ഔഫ് (ﷺ)ൽ സുഗന്ധത്തിന്റെ അടയാളം കണ്ടപ്പോൾ എന്താണ് കാരണം എന്നന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: നബിയേ ഞാൻ ഒരു ധാന്യമണിതുക്കം സ്വർണ്ണം മഹറ് നിശ്ചയിച്ച് ഒരു സ്ത്രീയെ വിവാഹ കഴിച്ചിരിക്കുന്നു. നബി (ﷺ) അന്നേരം പറഞ്ഞു: അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ ഒരു ആടിനെയെങ്കിലും (അറുത്ത്) വലീമത്ത് (വിവാഹ സദ്യ) നൽകുക.''

നബി (ﷺ) മനപ്പാഠമുള്ള ഖുർആൻ അധ്യായങ്ങൾ മഹ്റായി പരിഗണിച്ച് വിവാഹം ചെയ്തു കൊടുത്ത സംഭവം നേരത്തെ നാം മനസ്സിലാക്കിയതുമാണ്.

''ഞാൻ അവളെ നിനക്ക് അറിയുന്ന ഖുർആൻ പാഠങ്ങൾ മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു.''

അബൂ ത്വൽഹ (ﷺ) ഉമ്മു സുലൈം എന്ന മഹതിയെ വിവാഹാന്വേഷണം നടത്തുന്ന അവസരത്തിൽ അദ്ദേഹം മുസ്‌ലിമായിരുന്നില്ല . അന്നേരം അദ്ദേഹം മുസ്‌ലിമാകുക എന്നതായിരുന്നു അവൻ മഹ്റായി ആവിശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്തു കൊണ്ടാണ് അബൂത്വൽഹ (ﷺ) അവരെ വിവാഹം കഴിച്ചത് എന്ന് ചരിത്രത്തിൽ കാണാവുന്നതാണ്.

അനസ് (ﷺ)വിവ് നിന്ന്: അബൂത്വൽഹ (ﷺ) ഉമ്മു സുലൈം ( g )യെ വിവാഹമാലോചിച്ചു; അന്നേരം അവർ പറഞ്ഞു: താങ്കളെപ്പോലുള്ള ഒരാൾ ഒരിക്കലും തള്ളപ്പെടുകയില്ല. പക്ഷെ നിങ്ങൾ കാഫിറും ഞാനൊരു മുസ്‌ലിമും ആണല്ലോ; എനിക്കൊരിക്കലും നിങ്ങലുടെ ഭാര്യയാവാൻ അനുവദനീയമല്ല. നിങ്ങൾ മുസ്‌ലിമാവുകയാണെങ്കിൽ അതുമാത്രം മതി എനിക്ക് മഹ്റായിട്ട് മറ്റൊന്നും ഞാൻ ആവിശ്യപ്പെടുന്നില്ല. അതായിരുന്നു അവർ തമ്മിൽ നടന്ന വിവഹത്തിലെ മഹ്റ്.

പ്രസിദ്ധ സ്വഹാബിയായ ഥാബിത് ബ്നു ഖൈസ് (ﷺ) ജുമൈല ( g )യെ വിവാഹം ചെയ്തപ്പോൾ ഒരു തോട്ടമായിരുന്നു മഹ്റായി നൽകതിയിരുന്നത്. പക്ഷെ അവർ അധിക കാലം ഒരുമിച്ച് ജീവിച്ചിട്ടില്ല. ഭാര്യയുടെ ആവിശ്യപ്രകാരം ആ ബന്ധം നബി (ﷺ)യുടെ സാന്നിധ്യത്തിൽ വെച്ച് വേർപിരിയുകയാണുണ്ടായത്. ഇക്കാര്യം താഴെ പറയുന്ന ഹദീസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ഇബ്നു അബ്ബാസ് (ﷺ) വിൽ നിന്ന്: ജുമൈല ബിൻത് സലൂൽ നബി (ﷺ)യുടെ അടുക്കൽ വന്ന് പറഞ്ഞു : (എന്റെ ഭാർത്താവായ ) ഥാബിത് ബ്നു ഖൈസിന്റെ മത ബോധത്തിലോ, സ്വഭാവത്തിലോ ഒന്നും എനിക്കൊരു ആക്ഷേപവുമില്ല. എന്നാൽ ഇസ്‌ലാമിൽ അവിശ്വാസവും അദ്ദേഹത്തിന്റെ വെറുപ്പും എനിക്ക് സഹിക്കാനാവുകയില്ല. (ദാമ്പത്യ ജീവിതത്തിൽ അവൾ സംതൃപ്തയല്ലെന്ന് മനസ്സിലാക്കിയ ) പ്രവാചകൻ (ﷺ) അവൾക്ക് മഹ്റായി ലഭിച്ചിരുന്ന തോട്ടം തിരിച്ചു കൊടുത്തുകൂടെ എന്ന് ചോദിക്കുകയും, അത് അദ്ദേഹത്തോട് സ്വീകരിക്കാൻ കൽപ്പിക്കുകയും ചെയ്തു. അധികമൊന്നും പറഞ്ഞതുമില്ല. (ബന്ധം വേർപ്പെടുത്തപ്പെട്ടു).

**മഹ്റിന്റെ അളവ്**

വിവാഹത്തിലേക്ക് എല്ലാവർക്കും എളുപ്പത്തിൽ പ്രവേശിക്കാൻ കഴിയുന്നതിനായിരിക്കാം ഇസ്‌ലാം മഹ്റിന് പരിധി നിശ്ചയിച്ചിട്ടില്ല. അത് ഓരോരുത്തരുടെയും കഴിവ് അനുസരിച്ച് നൽകാൻ വിട്ടു തന്നിരിക്കുകയാണ്. പുരുഷന്റെ കഴിവും വധുവിന്റെ യോഗ്യതയും നാട്ടാചാരവുമെല്ലാം പരിഗണിച്ച് അത് നിശ്ചയിക്കാവുന്നതാണ്. ഈ വിഷയത്തിൽ മഹാനായ ഉമർ (ﷺ)വിന്റെ ഒരു വാക്ക് വളരെ ശ്രദ്ധേയമാണ്:

ഉമർ (ﷺ) പറഞ്ഞതായി അബുൽ അജ്ഫാഉ സ്സുലമി പറയുന്നു: നിങ്ങൾ മഹ്റിന്റെ വിഷയത്തിൽ അതിരു കവിയരുത്. അത് ഇഹലോകത്ത് ആദരിക്കപ്പെടാനോ അല്ലാഹുവിങ്കൽ സൂക്ഷ്മതക്കോ കാരണമായ ഒന്നായിരുന്നു.  എന്നാൽ അദ്ദേഹം തന്റെ ഭാര്യമാർക്ക് മഹർ നൽകിയതും, അദ്ദേഹത്തിന്റെ പെൺ മക്കൾക്ക് മഹറായി ലഭിച്ചതും പന്ത്രണ്ട് ഊഖിയയിൽ കൂടുതലുണ്ടായിരുന്നില്ല.

മഹ്റ് ഒരാളുടെ കഴിവ് അനുസരിച്ച് ഒരു കൂമ്പാരം തന്നെ വേണമെങ്കിലും നൽകുന്നതിന് വിരോധമില്ലെന്നാണ് താഴെ പറയുന്ന ഖുർആനിക വചനം മനസ്സിലാക്കിത്തരുന്നത്.

‘‘നിങ്ങൾ ഒരുകൂമ്പാരം തന്നെ (മഹ്റ്) കൊടിത്തിട്ടുണ്ടായിരുന്നുവെങ്കിലും (വിവാഹ മോചന സമയം) അതിൽ യാതൊന്നും നിങ്ങൾ തിരിച്ചു വാങ്ങരുത്.’’

നബി (ﷺ) തന്റെ അനുചരന്മാരോട് ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും കൊടുക്കാൻ കഴിയുമോ എന്ന് നോക്കാൻ പറഞ്ഞതിൽ നിന്നും ഒരാളുടെ കഴിവനുസരിച്ച് നൽകുക. അത് എത്ര ചെറുതായാലും മഹ്റായി പരിഗണിക്കപ്പെടുന്നതാണ്. പ്രസിദ്ധ താബിഈ പണ്ഡിതനായ സഈദുബ്നു മുസയ്യബ്

(ﷺ) തന്റെ മക്കളെ രണ്ട് ദിർഹം വെള്ളി മഹ്റ് നിശ്ചയിച്ച് വിവാഹം ചെയ്തു കൊടുത്തത് പ്രസിദ്ധ മാണ്.

മഹ്റിന്റെ വിഷയത്തിൽ യുവാക്കളെ പ്രയാസപ്പെടുത്താതിരിക്കുക എന്നത് നല്ല ലക്ഷണമായി നബി (ﷺ) പറയുകയും ചെയ്തിട്ടുണ്ട്.

നിശ്ചയിച്ച ഒരു നല്ല സ്ത്രീയുടെ ലക്ഷണത്തിൽ പെട്ടതാണ് വിവാഹാന്വേഷണത്തിലെ എളുപ്പവും കുറഞ്ഞ മഹ്റും.

**മഹ്റില്ലാത്ത വിവാഹം പാടില്ല**

മഹ്റ് നൽകാതെയുള്ള വിവാഹം ഇസ്‌ലാം വിരോധിച്ചിരിക്കുന്നു:

''ഇബ്നു ഉമർ (ﷺ) വിൽ നിന്ന്: നബി (ﷺ) ശിഖാറിനെ വിരോധിച്ചിരിക്കുന്നു. ഒരാൾ മറ്റൊരാളോട് നിങ്ങളുടെ മകളെ അല്ലെങ്കിൽ സഹോദരിയെ വിവാഹം ചെയ്തു തരിക; എന്റെ മകളെ അല്ലെങ്കിൽ സഹോദരിയെ ഞാൻ നിങ്ങൾക്കും വിവാഹം ചെയ്തു താരാം. എന്നിങ്ങനെയുള്ള നിബന്ധനയിൽ മഹ്റ് നിശ്ചയിക്കാതെ നടക്കുന്ന വിവാഹമാണ് ശിഗാർ''

**മഹ്റ് നിശ്ചയിക്കാത്ത വിവാഹം**

ഒരാൾ മഹ്റ് നിശ്ചയിക്കാതെ വിവാഹത്തിലേർപ്പെട്ടാൽ വിവാഹം സാധുവാണ്.

''നിങ്ങൾ ഭാര്യമാരെ സ്പർശിക്കുകയോ, വിവാഹ മൂല്യം നിശ്ചയുക്കുകയോ ചെയ്യുന്നതിന് മുമ്പ് നിങ്ങൾ അവരുമായുള്ള ബന്ധം വേർപെടുത്തിയാൽ (മഹ്റ് നൽകാത്തതിന്റെ പേരിൽ ) നിങ്ങൾക്ക് കുറ്റമില്ല.''

മഹ്റ് നിശ്ചയിക്കാത്ത വിവാഹം സാധുവാണ് എന്ന് മുകളിൽ പറഞ്ഞ ആയത്തിൽ നിന്ന് ഗ്രഹിക്കാ വുന്നതാണ്. വിവാഹം നടന്ന ശേഷം മാത്രമാണല്ലോ വിവാഹമോചനം നടക്കുക.

പക്ഷെ ഭാര്യയുമായി ബന്ധപ്പെടുന്നതിന് മുമ്പ് മഹ്റ് നൽകിയിരിക്കേണ്ടതാണ്. നബി(ﷺ) അലി (ﷺ) വിനോട് വിവാഹാവസരത്തിൽ എന്തെങ്കിലും നൽകിയേ മതിയാകൂ എന്ന് പറയുകയും തന്റെ കൈ വശം ഒന്നിനും തന്നെയില്ല എന്ന് പറഞ്ഞപ്പോൾ നിന്റെ കൈ വശമുണ്ടായിരുന്ന പടയങ്കി എവിടെ എന്ന ചേദ്യവും ബന്ധപ്പെടുന്നതിന് മുമ്പായി എന്തെങ്കിലും പുരുഷന്റെ വകയായി വധു വിന് നൽകിയിരിക്കണം എന്നാണ് പഠിപ്പിക്കുന്നത്. താഴെ പറയുന്ന ഹദീസും മഹ്റാണ് സത്യ ത്തിൽ ലൈംഗീക ബന്ധം അനുവദനീയമാക്കിത്തരുന്നത് എന്ന വസ്തുതയാണ് മനസ്സിലാക്കിത്തരു ന്നത്.

'ഇഖ്ബതു ബ്നു ആമിർ(ﷺ) വിൽ നിന്ന് : നബി (ﷺ) പറഞ്ഞു: ''നിങ്ങൾ പൂർത്തിയാക്കാൻ ഏറ്റവും ബാധ്യതയുള്ള നിബന്ധന നിങ്ങൾക്ക് (സ്ത്രീകളുടെ) ലൈംഗീകാവയവം അനുവദനീയമാക്കിത്ത രുന്ന നിബന്ധനയാണ്.''

**മഹ്റിന്റെ അധികാരം**

ഇസ്ലാം മഹ്റിന്റെ അവകാശിയായി കാണുന്നത് വധുവിനെയാണ്. അതുകൊണ്ട് തനിക്ക് ലഭിച്ച തായ മഹ്റ് കൈകാര്യം ചെയ്യാൻ ഭർത്താവിന്റെ പോലും അനുവാദം അവൾ തേടേണ്ടതില്ല.

ഭാര്യ അവളുടെ ഇഷ്ടപ്രകാരം എന്തെങ്കിലും നൽകുകയാണെങ്കിൽ മാത്രമെ മഹറ് ഉപയോഗപ്പെടു ത്താൻ ഭർത്താവിന് അവകാശമുള്ളൂ.

''സ്ത്രീകൾക്ക അവരുടെ വിവാഹ മൂല്യങ്ങൾ മന:സംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് (മഹ്റിൽ നിന്ന്) വല്ലതും മനസ്സോടു കൂടി അവർ വിട്ടു തരുന്ന പക്ഷം നിങ്ങളത് സന്തോഷ പൂർവ്വം സുഖമായി ഭക്ഷിച്ചു കൊള്ളുക.

**സാക്ഷികൾ**

വിവാഹം സാധുവായിരിക്കേണ്ടതിന് അനിവാര്യമായ മറ്റൊരു ഘടകമാണ് സാക്ഷികളുടെ മുന്നിൽ വെച്ച് ആയിരിക്കുക എന്നത്. കാരണം വിവാഹത്തിന്റെ തൊട്ട് മുമ്പ് വരെ അനിവാര്യമായി കഴിഞ്ഞി രുന്ന ഒരു സ്ത്രീയും പുരുഷനും ഒരുമിച്ച് ഒരിടത്ത് കാണമ്പോൾ സ്വാഭാവികമായും തെറ്റിദ്ധാരണ കൾക്ക് കാരണമാകും. അതു കൊണ്ടാണ് വിവാഹം കഴിവതും പരസ്യപ്പെടുത്തണമെന്ന് ഇസ്ലാം നിബന്ധന വെച്ചത്.

''നിങ്ങൾ വിവാഹം പരസ്യപ്പെടുത്തുക.''

മറ്റൊരു നബി വചനം ഇങ്ങിനെയും കാണാം: ''വലിയ്യും രണ്ട് സാക്ഷികളും കൂടാതെ വിവാഹം സാധ്യമാവുകയില്ല.''